**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.283 — 04.06.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഡയാലിസിസ് ചെയ്യുന്ന രോഗികൾക്കുള്ള ധനസഹായം

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി പുതുതായി എത്ര ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്; | (എ) | ആർദ്രം മിഷൻ ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രിയും ഒരു റവന്യൂ താലൂക്കിൽ ഒരു താലൂക്ക് തല ആശുപത്രിയും നിശ്ചിത സൗകര്യങ്ങളോടെ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഡയാലിസിസ് യൂണിറ്റുകൾ അടക്കമുള്ള സൗകര്യങ്ങൾ ഇതിന്റെ ഭാഗമായി വികസിപ്പിച്ച് വരികയാണ്. ആരോഗ്യ വകുപ്പിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന 43 ഡയാലിസിസ് യൂണിറ്റുകൾക്ക് പുറമേ കിഫ്ബിയിൽ ഉൾപ്പെടുത്തി 44 ഡയാലിസിസ് യൂണിറ്റുകൾ കൂടി പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. താലൂക്ക് ആശുപത്രി, ചാലക്കുടി, താലൂക്ക് ആശുപത്രി കായംകുളം എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്ലാൻ പദ്ധതി മുഖേന താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്ങോലം, ഹരിപ്പാട്, കട്ടപ്പന, അടിമാലി, ആറ്റിങ്ങൽ എന്നീ സ്ഥാപനങ്ങളിൽ കൂടി 10 മെഷീനുള്ള ഡയാലിസിസ് യൂണിറ്റ് 2019 ഡിസംബറോടെ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇവിടങ്ങളിൽ നിന്നും ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തി സഹായം ലഭ്യമാക്കാൻ ലോട്ടറി വകുപ്പുമായി സഹകരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് കാരുണ്യ ബനവലന്റ് ഫണ്ടിലേക്ക് സഹായത്തിന് അപേക്ഷിക്കുന്ന പക്ഷം കാരുണ്യ ബനവലന്റ് ഫണ്ട് മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ